ശ്രീ. ബാബു ദിവാകരൻ: വളരെ ഗുരുതരമായ സ്ഥിതിവിശേഷത്തിൽനിന്ന് ഈ കമ്പനിയെ മോചിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ഇന്നുതന്നെ നേരിട്ട് കേന്ദ്ര ഗവൺമെന്റുമായി ഈ കാര്യത്തിൽ ബന്ധപ്പെടുകയും ഇമ്പോർട്ട് നിർത്തലാക്കുന്നതിന് അവരുടെമേൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യാനാവശ്യമായ നടപടികളും സ്വീകരിക്കണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: മൂന്ന് ദിവസത്തിനു മുമ്പാണ് ഈ സ്ഥിതിവിശേഷം കാണിച്ച് ഞാൻ എഴുതുകയും സംസാരിക്കുകയുമൊക്കെ ചെയ്തത്. കമ്മീഷണർ ആൻറ് സെക്രട്ടറിയും ഇതിന്റെ മാനേജിംഗ് ഡയറക്ടറും ഡൽഹിയിൽ പോയി അവിടെ താമസിക്കാൻ പറഞ്ഞിരിക്കുകയാണ്. എത്ര ദിവസം വേണമെങ്കിലും താമസിച്ച് അത് കുറച്ച് കിട്ടുന്നതിനുവേണ്ടിയുള്ള സമ്മർദ്ദം ചെലുത്താൻ രണ്ടുപേരെയും രണ്ടുദിവസത്തിനകംതന്നെ വിടുന്നുണ്ട്.

III. റിപ്പോർട്ട് സമർപ്പണം

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 25-ം 26-ം റിപ്പോർട്ടുകളും ഞാൻ സമർപ്പിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: I am on a point of order. സർ, ഇന്നലെ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളും സംബന്ധിച്ച് റൂൾ 303 അനുസരിച്ച് ഒരു പോയിൻറ് ഓഫ് ഓർഡർ റെയ്സ് ചെയ്തു. അങ്ങ് അത് സംബന്ധിച്ച് അഭിപ്രായ പ്രകടനവും നടത്തി. ഞാൻ അങ്ങയോട് അഭ്യർത്ഥിച്ചു. അവസാനമായി റൂളിംഗ് പരിശോധിക്കണം, കാരണം ഈ സഭയിൽതന്നെ പ്രീസിഡൻറ് ഉണ്ട്. നിയമനം, ഗവൺമെൻറിന്റെ ശുപാർശ ഗവർണ്ണറാണ്.....അത് ഇന്നത്തെ മുഖ്യമന്ത്രിതന്നെ സമ്മതിച്ചിട്ടുണ്ട്. 1983 ആഗസ്റ്റ് 2-ാം തീയതി ഈ സഭയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം സംബന്ധിച്ച് ശ്രദ്ധക്ഷണിക്കൽ നോട്ടീസ് തന്ന് ആ ശ്രദ്ധ ക്ഷണിക്കൽ ഉണ്ടായിട്ടുണ്ട്. അതിന് അന്നത്തെ മുഖ്യമന്ത്രി മറുപടിയും പറഞ്ഞു. അതിന് അന്നത്തെ പ്രതിപക്ഷ നേതാവ് പറഞ്ഞത്.....

മി. സ്പീക്കർ: മുഖ്യമന്ത്രി അങ്ങ് തന്നെ. അങ്ങുതന്നെ മറുപടി പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ: അങ്ങും സബ്മിഷൻസ് ശ്രദ്ധിച്ച ആളാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം സംബന്ധിച്ച്.....

മി. സ്പീക്കർ: ഞാൻ ചോദിച്ചു. I remember, ഞാൻ ചോദിച്ചു, അങ്ങ് മറുപടിയും പറഞ്ഞു.

ശ്രീ. കെ കരുണാകരൻ: പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനം സംബന്ധിച്ച് ഈ സഭയിൽ ചർച്ച ചെയ്യാൻ രേണഘടനാ വ്യവസ്ഥ അനുവദിക്കുന്നില്ലായെന്നുള്ള അഭിപ്രായഗതി പുനഃപരിശോധിക്കാൻ വേണ്ടി ഞാൻ അങ്ങയെ ക്കൂ സബ്മിറ്റ് ചെയ്യുകയാണ്. ഇവിടെ പ്രീസിഡൻറ് ഉണ്ടായിട്ടുണ്ട്. അതുപോലെ ഇവിടെ റെയ്സ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. അതിനു അന്നത്തെ ഗവൺമെൻറ് മറുപടി പറഞ്ഞിട്ടുണ്ട്. ആ നിയമനം സംബന്ധിച്ചുള്ള വ്യവസ്ഥകളും അതിൻെറ വിശദാംശങ്ങളും, രാഷ്ട്രീയ പരിഗണന വച്ചുകൊണ്ടാണ് നടത്തുന്നത് എന്നു അന്നത്തെ പ്രതിപക്ഷനേതാവ് പറഞ്ഞിട്ടുള്ള കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് നിയമനത്തെ സംബന്ധിച്ചുള്ള കാര്യം അങ്ങ് ഒന്നു പുനഃപരിശോധിക്കണം. ഈ നിയമനം സംബന്ധിച്ച് ഇന്നത്തെ നിലയിൽ വളരെ വിമർശനം ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ ജനങ്ങളുടെയിടയിൽ വളരെയധികം അതൃപ്തിയും അമർഷവും ഉണ്ടായിട്ടുണ്ട്. ഗവൺമെൻറിനു സൽപ്പേരില്ലായെങ്കിൽപോലും ദുഷ്പേര് വർദ്ധിപ്പിക്കുന്ന നിലയിൽ ആണ് ഈ നീയമനം ഇവിടെ ഉണ്ടായിട്ടുള്ളത്. ആ നിലയ്ക്ക് അങ്ങ് അത് പുനഃപരിശോധിച്ച് അത് ഉന്നയിക്കാൻ അവകാശം കൊടുക്കണമെന്നു ഞാൻ ചെയറിനോട് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഞാൻ ആ റെക്കോർഡുകൾകൂടി എടുത്ത് പരിശോധിച്ച് (എന്നെ നേരത്തേ അറിയിച്ചിരുന്നുവെങ്കിൽ ഇപ്പോഴത്തെ ഞാൻ പറഞ്ഞേനേ) തീരുമാനം ഈ സഭയിൽ ഇന്നുതന്നെ പറയുന്നതാണ്

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സ്പീക്കർ ഈയിടെ ഒരു വിധി നൽകി. ഇന്ന് മറിച്ചൊന്നു നൽകാനാണോ പോകുന്നത്? ഇവിടെ കെ. പി. സി. സി. സെക്രട്ടറിമാർക്കും ഭാരവാഹികൾക്കുമൊക്കെ പി. എസ്. സി.-യിൽ മെമ്പർമാരാകാം, അതൊക്കെ ഇവിടെ സമ്മതിച്ചതാണ്. ഇന്നലെ ഒരു വിധിയും നൽകി. ഗവർണ്ണറുടെ ഡിസ്ക്രീഷണറി പവർ ആണ്. ഇന്നിപ്പോഴും വിരുദ്ധമായിട്ട് നൽകാൻ പോകുകയാണോ?

മി. സ്പീക്കർ: എങ്ങനെ നൽകണമെന്നതിനെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രി വിഷമിക്കേണ്ട. നിയമപ്രകാരമുള്ള നടപടി പറയും.

ശ്രീ. എം. എം. ഹസ്സൻ: ചെയർ ഒരു റൂളിംഗ് നല്കും എന്നു പറയുന്നതിനെക്കുറിച്ച് മുൻവിധിയോടുകൂടി മുഖ്യമന്ത്രി പറയുന്നത് ശരിയാണോ? കെ. പി. സി. സി. ഭാരവാഹികളും പി. എസ്. സി. മെമ്പർമാരാകുന്നതുപോലെയാണോ മന്ത്രിയുടെ ഒരു ബന്ധു (ഭാര്യാ സഹോദരി) പി. എസ്. സി. മെമ്പറാകുന്നത്? രണ്ടും രണ്ടല്ലേ? ആ നിലയ്ക്ക് കാണണ്ടേ അത്?

ശ്രീ. ഇ. അഹമ്മദ്: ചെയർ ഒരു റൂളിംഗ് കൊടുത്താൽ ഇനി ആരെങ്കിലും അതിനെപ്പറ്റി പരാമർശിച്ചുകഴിഞ്ഞാൽ അത് മാറണമോ മാറേണ്ടയോ എന്നു തീരുമാനിക്കുന്നതിനു ചെയറിനു ഡിസ്ക്രീഷണറി പവർ ഉണ്ട്.

മി. സ്പീക്കർ: അത് ഞാൻ പരിശോധിച്ച് പറയാം എന്നു പറഞ്ഞല്ലോ. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പോയിൻറ് ഓഫ് ഓർഡറിൻെറ പ്രസക്തി രേഖകൾ പരിശോധിച്ച് ഇന്നുതന്നെ ഞാൻ പറയാമെന്നു പറഞ്ഞു. എനിക്ക് ആ സംഭവം ഓർമ്മയുണ്ട്, പക്ഷേ അതിൻെറ ഫാക്ട്സ് കുറേക്കൂടി ക്ലാരിഫൈ ചെയ്തതിനുശേഷം കറക്ടായിട്ട് പറയണമെന്നു വിചാരിച്ചാണ് നോക്കിയിട്ട് പറയാമെന്നു പറഞ്ഞത്. അതുകൊണ്ട് ആ ഫാക്ട്സ് മുഴുവൻ നോക്കി കറക്ടായിട്ട് ഞാൻ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ബഹുമാനപ്പെട്ട മൊയ്തീൻകുട്ടി ഹാജി ഒരു നോട്ടീസ് നല്കിയിരുന്നു, ഒരു ക്ലാരിഫിക്കേഷൻ ആവശ്യപ്പെട്ടുകൊണ്ട്. മുഖ്യ മന്ത്രി നോമ്പ് കാലത്തെ സംബന്ധിച്ച് സഭയിൽ നടത്തിയ പരാമർശം കറക്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ്. അതനുസരിച്ച് എല്ലാം പരിശോധിച്ചു കിട്ടിയ വിവരങ്ങൾ ഞാൻ വായിക്കാം. 1982 ജൂൺ 23 മുതൽ ജൂലൈ 22 വരെയായിരുന്നു ആ വർഷത്തെ നോമ്പ് കാലം, 1982 ജൂൺ 29-ാം തീയതി ഉച്ചയ്ക്കുമേൽ 2·15 മണിവരെ സഭ കൂടി. അതുപോലെ ജൂൺമാസം 30-ാം തീയതി ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പിനുവേണ്ടി ഉച്ചയ്ക്കുശേഷം നിയമസഭ കൂടി 5·07-ന് പിരിഞ്ഞു. അതും നോമ്പ് കാലത്താണ്. നിയമസഭ കൂടി എന്നുള്ളതേയുള്ളൂ, അല്ലാതെ ട്രാൻസാക്ഷൻ ഓഫ് ബിസിനസ് ഒന്നുമല്ല. 1983 ജൂൺ 13 മുതൽ ജൂലൈ 11 വരെ, അതിൽ രണ്ടുദിവസം ഉച്ചയ്ക്കുശേഷം. നോമ്പ് കാലത്ത് കൂടി. ജൂലൈ 4-ാം തീയതി 3·16 വരെ, ജൂലൈ 5-ാം തീയതി 3·15 വരെ. ഇനി 1984 ജൂൺ 2-ാം തീയതി മുതൽ ജൂൺ 30-ാം തീയതി വരെ. നാലുദിവസം ഉച്ചയ്ക്കുശേഷം നോമ്പ് കാലത്ത് നിയമസഭ കൂടി. അതായത് ജൂൺ 18, ജൂൺ 19, ജൂൺ 20, ജൂൺ 21 ഉച്ചയ്ക്കുമേൽ, ഒന്നുമുതൽ വൈകിട്ട് 5 മണിവരെ.

കഴിഞ്ഞ മന്ത്രിസഭാ കാലത്ത് റംസാൻ നോമ്പ് കാലത്ത് ഉച്ചയ്ക്കുശേഷം നിയമസഭാ സമ്മേളനങ്ങൾ നടന്നിട്ടുള്ള ദിവസങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് 23-7-1991-ന് മുഖ്യമന്ത്രി 1985 മാർച്ച് 26, ഏപ്രിൽ 9 എന്നീ ദിവസങ്ങൾ ഉദാഹരണങ്ങളായി നിയമസഭയിൽ പറയുകയുണ്ടായി. ഈ ദിവസങ്ങൾ നോമ്പുകാലമായിരുന്നില്ലായെന്ന് മുഖ്യ മന്ത്രി സഭയെ തെറ്റിദ്ധരിപ്പിച്ചുവെന്നും അത് തിരുത്തണമെന്നും ശ്രീ. മൊയ്തീൻകുട്ടി ഹാജി അഭ്യർത്ഥിച്ചിരുന്നു. മേൽപറഞ്ഞ ദിവസങ്ങളിൽ ഉച്ചയ്ക്കുമേൽ സമ്മേളിച്ചിരുന്നുവെന്നുള്ളത് ശരിയാണ്. ആ ദിവസങ്ങൾ നോമ്പ് ദിവസങ്ങളായിരുന്നില്ലായെന്നുള്ളതും ശരിയാണ്. എന്നാൽ നോമ്പ് ദിവസങ്ങളിൽ ധാരാളം ഈ സഭ കൂടിയിട്ടുണ്ട്. അതിലുള്ള വിവരങ്ങളാണ് നേരത്തേ ഇവിടെ പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ: സർ, ഇവിടെ സഭ കൂടിക്കൊണ്ടിരിക്കുന്ന അവസരത്തിൽ അല്പസമയം ഇരിക്കുന്നതും ഉച്ചതിരിഞ്ഞ് ഒരു സിറ്റിങ്ങ് നടത്തുന്നതും രണ്ടും രണ്ടാണ്,

മി. സ്പീക്കർ: ഉച്ചയ്ക്കുശേഷവും സിറ്റിങ്ങ് നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റെല്ലാ മെമ്പർമാരും അറിയാൻ വേണ്ടിയാണ്. ഉച്ചയ്ക്കുശേഷം 4·30 മണിക്ക് സഭ കൂടി 5 മണി കഴിഞ്ഞിട്ട് പിരിഞ്ഞിട്ടുണ്ട്. അത് തെരഞ്ഞെടുപ്പിനു വേണ്ടിയാണ് എന്ന് പറഞ്ഞതുകൊണ്ട് കാര്യമില്ല. തെരഞ്ഞെടുപ്പും ഒരു ബിസിനസ് ആണ്. നിയമസഭയിലെ നിയമാനുസൃതമുള്ള തെരഞ്ഞെടുപ്പാണ് ഡെപ്യൂട്ടി സ്പീക്കറുടെ തെരഞ്ഞെടുപ്പ്. അത് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നടന്നതാണ്. നോമ്പ് കാലത്താണ് നടന്നത്. അത് നിയമസഭാ നടപടിയാണ്, നിയമസഭ കൂടിയിട്ടുണ്ട്, ഉച്ചയ്ക്കുശേഷം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ഞാൻ അതിലേക്കൊന്നുമല്ല പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞപ്പോൾ 1983-ലേയും 1984-ലേയും രണ്ട് തീയതികളും പറഞ്ഞു. ആ രണ്ട് തീയതിയും റംസാന് മുൻപത്തെ രണ്ട് തീയതി ആയിരുന്നു. അത് നോയ്മ്പുകാലം ആണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയല്ല, അത് തിരുത്താൻ വേണ്ടിയാണ് ഞാൻ നോട്ടീസ് തന്നിട്ടുള്ളത്.

10·00 a.m.]

മി. സ്പീക്കർ: അങ്ങ് എഴുതിത്തന്നത് അനുസരിച്ച് മുഖ്യമന്ത്രി പറഞ്ഞ ഡേററിന്റെ തിരുത്തും ഉണ്ടായി. 7-ാം കേരള നിയമസഭ നോയ്മ്പുകാലത്ത് കൂടിയ സമ്മേളനത്തിന്റെ എല്ലാ നടപടികളും ഇതിൽ വച്ചിട്ടുണ്ട്. സഭാ സമ്മേളനം എന്നുപറഞ്ഞാൽ ഡെപ്യൂട്ടി സ്പീക്കറുടെ തെരഞ്ഞെടുപ്പും സഭാ നടപടിയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): എന്റെ ഡേററ് തെററാണെങ്കിലും നോയമ്പുകാലത്ത് സമ്മേളനം കൂടിയോ എന്നതാണ് പ്രശ്നം.

മി. സ്പീക്കർ: നോമ്പുകാലത്ത് സമ്മേളനം കൂടി.

ശ്രീ. കെ. കരുണാകരൻ: സർ, ഞങ്ങളും ഇവിടെ ഉന്നയിച്ചത് ഉച്ച തിരിഞ്ഞ് തുടർച്ചയായി ഇരിക്കുന്നതിനെ സംബന്ധിച്ചാണ്. ഒരു മണിക്കൂർ രണ്ടു മണിക്കൂർ കൂടുതൽ കൂടുക എന്നുള്ളതല്ല സഭയുടെ സാധാരണ നടപടിയാണ്.

മി. സ്പീക്കർ: നിയമസഭാ സമ്മേളനം നോയ്മ്പുകാലത്ത് ധാരാളം ദിവസം കൂടിയിട്ടുണ്ട് എന്നുള്ള ഒറ കാര്യമേയുള്ളു. ഇവിടെ ഏഴാം കേരള നിയമസഭയിൽ അത് നടന്നിട്ടുണ്ട്.

ശ്രീ. ഇ. അഹമ്മദ്: അങ്ങ് സ്പീക്കറായിരിക്കുമ്പോഴും ധാരാളം നടന്നിട്ടുണ്ട്, ഞങ്ങളും സമ്മതിക്കുന്നു.

VI. സബ്മിഷൻ

(i) കേരളാ ശിശുക്ഷേമ കൗൺസിലിന്റെ അംഗീകാരമില്ലാതെ ശിശുക്കളെ വിദേശത്ത് അയയ്ക്കുന്നതു സംബന്ധിച്ച്

ശ്രീമതി ലീലാ ദാമോദരമേനോൻ: സർ, കേരള ശിശുക്ഷേമ കൗൺസിലിനേറയോ അഡോപ്ഷൻ കമ്മിററിയുടേയോ അറിവൊന്നും കൂടാതെ ശിശുക്ഷേമ കൗൺസിലിന്റെ ഫൗണ്ട്ലിംഗ് ഹോമിൽ നിന്ന് അല്ലാതെ കുട്ടികളെ വിദേശത്തേയ്ക്ക് അയക്കുന്ന ഒരു പരിപാടി ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്നു. ശിശുക്ഷേമ കൗൺസിലിന്റെ പേരിൽ ശിശുക്ഷേമ കൗൺസിലിന്റെ കടലാസ്സുകളും ഉപയോഗിച്ച് ഔദ്യോഗികമാണെന്നുള്ള തരത്തിൽ ഫൗണ്ട്ലിംഗ് ഹോമിൽ നിന്നുമല്ലാതെ പുറമേനിന്നുള്ള കുട്ടികളെ ശിശുക്ഷേമ കൗൺസിലിന്റെ പേരിൽ പുറത്തേയ്ക്ക് അയയ്ക്കുകയാണ്. അമേരിക്കയിലേക്ക് അയച്ചിട്ടുള്ള കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly